# കേരകർഷകരുടെ രക്ഷയ്ക്ക്

**കൊ**പ്രയുടെ താങ്ങുവിലയിൽ 575 രൂപയുടെ വർധന വരുത്തിയത് കേരകർഷകർക്ക് കുറച്ചെങ്കിലും ആശ്വാസമാവും. എന്നാൽ, അധികൃതരുടെ ഭാഗത്തുനിന്ന് ഉടൻ തുടർനടപടികളുണ്ടായാലേ അതിന്റെ പൂർണമായ പ്രയോജനം കർഷകർക്ക് ലഭിക്കൂ. തെങ്ങ്കൃഷി പല പ്രതിസന്ധികളും നേരിടുന്ന സാഹചര്യത്തിൽ കുറേക്കൂടി ഉയർന്ന താങ്ങുവില കർഷകർ ആഗ്രഹിച്ചിരുന്നു. അതനുസരിച്ച് വില ഉയർത്തുന്ന കാര്യം കേന്ദ്ര സർക്കാർ പരിഗണിക്കണം. എന്തായാലും പൊതുവിപണിയിൽ ഇപ്പോഴുള്ള വില പിടിച്ചുനിർത്താൻ കേന്ദ്ര നടപടി സഹായകമാകുമെന്നാണ് പൊതുവെ കരുതപ്പെടുന്നത്. വിലക്കുറവ്, കൃഷിച്ചെലവിലുണ്ടായ വൻ വർധന, രോഗങ്ങൾ കാരണം തെങ്ങുകളുടെ ഉത്പാദനക്ഷമതയിൽ വന്ന കുറവ് എന്നിവ കേരകർഷകരെ വിഷമിപ്പിക്കാൻ തുടങ്ങിയിട്ട് ഏറെക്കാലമായി. തെങ്ങുകയറ്റത്തിന് വേണ്ടത്ര തൊഴിലാളികളെ കിട്ടാനില്ലാത്ത സ്ഥിതിയാണ് കർഷകരെ അലട്ടുന്ന മറ്റൊരു പ്രശ്നം. കേന്ദ്രസർക്കാറിൽനിന്ന് കർഷകർക്കു ലഭിക്കുന്ന ചുരുക്കംചില ആനുകൂല്യങ്ങളിലൊന്നാണ് താങ്ങുവിലപ്രഖ്യാപനം. അതുകൊണ്ട് അവർക്കു പ്രയോജനം ഉണ്ടാകണമെങ്കിൽ സർക്കാർതലത്തിൽ സംഭരണം വ്യാപകവും കാര്യക്ഷമവുമാക്കണം. ദൗർഭാഗ്യവശാൽ പല കൊല്ലങ്ങളിലും സംഭരണം പാളി.

കേരളത്തിലെ 30 ലക്ഷത്തിലേറെവരുന്ന കേരകർഷകരിൽ ഭൂരിഭാഗവും ചെറുകിടക്കാരാണ്. സംഭരണ സംവിധാനം കുറ്റമറ്റതല്ലെങ്കിൽ ഏറെ വിഷമിക്കുന്നതും അവരായിരിക്കും. ഇത്തവണയെങ്കിലും വ്യക്തമായ പദ്ധതിതന്നെ ആവിഷ്കരിച്ച് ഈ രംഗത്തെ പോരായ്മകൾ പരിഹരിച്ചേ മതിയാകൂ. നാഷണൽ അഗ്രിക്കൾച്ചറൽ കോ-ഓപ്പറേറ്റീവ് മാർക്കറ്റിങ് ഫെഡറേഷനും (നാഫെഡ്) കേരള കേരകർഷക സഹകരണ ഫെഡറേഷനും (കേരഫെഡ്) മറ്റ് സഹകരണ സ്ഥാപനങ്ങളും ഇതിന് നേതൃത്വം നൽകണം. തേങ്ങ സൂക്ഷിക്കാനോ കൊപ്രയാക്കാനോ സൗകര്യമില്ലാത്തവരാണ് കേരളത്തിലെ കേരകർഷകരിലധികം പേരും. അവരുടെ ബുദ്ധിമുട്ടുകൾ കുറയ്ക്കുന്നതിനും അവർക്ക് ഉടൻ വരുമാനം ലഭിക്കുന്നതിനുംവേണ്ടിയാണ് പച്ചത്തേങ്ങ സംഭരണം ആരംഭിച്ചത്. അത് വ്യാപകമാക്കാനായിട്ടില്ല. ആയിരക്കണക്കിന് സഹകരണ സ്ഥാപനങ്ങളുള്ള കേരളത്തിൽ പച്ചത്തേങ്ങ സംഭരണത്തിനുള്ള സൗകര്യം, വേണമെന്നുവെച്ചാൽ എല്ലായിടത്തും ഏർപ്പെടുത്താവുന്നതേയുള്ളൂ.

താങ്ങുവിലയും സംഭരണവുംകൊണ്ടുമാത്രം തീരുന്നതല്ല കേരകർഷകരുടെ പ്രശ്നങ്ങൾ. അവയുടെ പരിഹാരത്തിന് കേന്ദ്ര, സംസ്ഥാനസർക്കാറുകളുടെ യോജിച്ച പരിശ്രമം അനിവാര്യമാണ്. കേരളത്തിൽ തെങ്ങുകൃഷി കുറയുകയാണെന്ന് സംസ്ഥാനസർക്കാർ രണ്ടുവർഷം മുൻപ് നിയമസഭയിൽ അവതരിപ്പിച്ച സാമ്പത്തികാവലോകനത്തിൽ പറഞ്ഞിരുന്നു. നാളികേരോത്പാദനക്ഷമതയിൽ കേരളം പല അയൽസംസ്ഥാനങ്ങളെയും അപേക്ഷിച്ച് പിന്നിലാണ്. കേരകൃഷി വ്യാപിപ്പിക്കുന്നതിന് നാളികേരബോർഡ് പല പദ്ധതികളും ആവിഷ്കരിച്ചിട്ടുണ്ട്. അവ വിജയത്തിലെത്തിക്കാൻ സഹായങ്ങൾക്കും ആനുകൂല്യങ്ങൾക്കുമൊപ്പം വ്യാപകമായ ബോധവത്കരണവും ആവശ്യമാണ്. തെങ്ങുകയറ്റത്തിനുള്ള ശാസ്ത്രീയസംവിധാനങ്ങൾ ആവിഷ്കരിച്ച് പ്രചരിപ്പിക്കാൻ പലേടത്തും ശ്രമം നടക്കുന്നുണ്ട്. ചെറുകിടകർഷകർക്കും എവിടെയും എപ്പോഴും ലഭ്യമാകുന്നതും ചെലവുകുറഞ്ഞതുമായ സംവിധാനം ഏർപ്പെടുത്താൻ കഴിഞ്ഞാലേ ഇപ്പോഴത്തെ സ്ഥിതിവിശേഷത്തിന് പരിഹാരമാകൂ. കേരകർഷകരുടെ രക്ഷയ്ക്ക് ഏറെ സഹായകമാകുന്നതാണ് മൂല്യവർധിതഉത്പന്നങ്ങളുടെ നിർമാണം. കുടുംബശ്രീ യൂണിറ്റുകളും മറ്റും ഏറെയുള്ള ഇവിടെ ഈ രംഗത്തും പ്രതീക്ഷിച്ചത്ര മുന്നേറ്റം ഉണ്ടായിട്ടില്ല. കേരളത്തിൽ ഉത്പാദിപ്പിക്കുന്ന നാളികേരത്തിൽ മൂന്നിലൊന്നിന്റെ തൊണ്ട് സംഭരിച്ചാൽത്തന്നെ സംസ്ഥാനത്തെ കയർവ്യവസായത്തിനാവശ്യമായ ചകിരി ലഭ്യമാക്കാനാവും. എന്നാൽ, തൊണ്ട്സംഭരണം തീരെ കുറവായതിനാൽ ബാക്കി ചകിരി ഉയർന്ന വിലയ്ക്ക് അയൽസംസ്ഥാനങ്ങളിൽനിന്ന് വാങ്ങേണ്ടിവരുന്നു. ഇവിടെനിന്ന് പരമാവധി തൊണ്ട് സംഭരിക്കുന്നത് കേരകർഷകർക്കും സഹായകമാകും. അധികൃതരുടെ അടിയന്തര ശ്രദ്ധ പതിയേണ്ട കാര്യങ്ങളാണിവ.